LIBRARY ARCHIVES Kerala Legislative Assembly

ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികൾ

125 (4928) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികളിൽപ്പെട്ടുത്തി (ഒരുകളം പദ്ധതി ഒഴികെ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയുടെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

വൈപ്പിൻ എടവനക്കാട് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി

126 (4929) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ ഉപഭോക്താക്കളുടെ ബാഹുല്യവും പ്രദേശത്തിന്റെ വ്യാപ്തിയും കണക്കിലെടുത്ത് എടവനക്കാട് കേന്ദ്രീകരിച്ച് പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(സി) അധിക ബാധ്യതയില്ലാതെ നിലവിലുള്ള ഓഫീസുകൾ പുനഃക്രമീകരിച്ചു കൊണ്ട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാനുള്ള തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഞാറയ്ക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിലാണ് വൈപ്പിൻ മേഖല ഉൾപ്പെടുന്നത്. ഈ ഓഫീസ് വളരെയധികം കാര്യക്ഷമമായാണ് പ്രവർത്തിച്ചു വരുന്നത്. ആയതിനാൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ പരിഗണിക്കാവുന്നതല്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ബാധകമല്ല.

തടയണകളുടെ നിർമ്മാണം

127 (4930) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടയണകളുടെ നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നദികളിലെയും പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ജലവിതരണം താഴാതെ നിലനിർത്തുക, കാർഷിക ഗാർഹികാവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഭരണാനുമതി ലഭിച്ച തടയണകൾ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാനും പണികൾ വേഗത്തിൽ നടപ്പിലാക്കാനുമുള്ള നിർദ്ദേശങ്ങൾ യഥാസമയം നൽകിവരുന്നു. ഇതിനകം ഏതാനും തടയണകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. കുറെ തടയണകൾ നിർമ്മാണത്തിലുമാണ്.